"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട ദാറുൾ ഇസ്ലാം എൽ.പി.എസ്.ലെ എച്ച്.എം. ആയ ശ്രീമതി വസീല കവിരാജൻ ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യുപി(സി)നം.18043/2023-ന്മേലുള്ള 05/06/2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2685/2024/GEDN തീയതി, തിരുവനന്തപുരം, 16-04-2024**

പരാമർശം:-

1. ശ്രീമതി വസീല കവിരാജൻ സമർപ്പിച്ച 08/08/2022-ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-7)
2. ഡബ്ല്യുപി(സി)നം.18043/2023-ന്മേലുള്ള 05/06/2023 തീയതിയിലെ വിധിന്യായം.
3. പത്തനംതിട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27/09/2023-ലെ C/3689/2022 നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27/09/2023-ലെ ഡിഡിഇപിറ്റിഎ/2155/2023-ബി2 നമ്പർ കത്ത്.
5. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11/10/2023-ലെ DEOPTA/1939/2023-B1 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06/10/2023, 11/12/2023 എന്നീ തീയതികളിലെ ആർ.1/13421/2022/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ദാറുൾ ഇസ്ലാം എൽ.പി.എസ്.ലെ എച്ച്.എം. ആയ ശ്രീമതി വസീല കവിരാജൻ ഫയൽ ചെയ്ത ഡബ്ല്യുപി(സി)നം.18043/2023-ന്മേൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച 05/06/2023 തീയതി വിധിന്യായത്തിൽ, ഹർജിക്കാരിയെ കേൾക്കുന്നതിനും, എക്സിബിറ്റ് പി-7 (റിവിഷൻ പെറ്റീഷൻ തീയതി 08/08/2022) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, 12/10/2023 തീയതിയിൽ ഹർജിക്കാരിയുടെ പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പ്രതിനിധികൾ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരി ശ്രീമതി വസീല കവിരാജൻ ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

പത്തനംതിട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള വെട്ടിപ്പുറം ദാറുൽ ഇസ്ലാം ലോവർ പ്രൈമറി സ്കൂളിൽ എൽ.പി.എസ്.റ്റി. തസ്തികയിൽ 17.06.1996 മുതൽ ഞാൻ സേവനത്തിൽ പ്രവേശിച്ചു. പ്രഥമാദ്ധ്യാപികയായി 18.08.1999 മുതൽ സ്ഥാനക്കയറ്റം ലഭിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു. 24.10.2002 മുതൽ 14.09.2004 വരെ ശൂന്യവേതനാവധിയിലായിരുന്നു. എൽ.പി.എസ്.റ്റി. തസ്തികയിലെ ഒന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ 01.07.2022-ൽ അനുവദിച്ചു (എക്സിബിറ്റ് പി-1). 01.07.2013 തീയതി പ്രാബല്യത്തിൽ 15 വർഷ സേവനകാലം പൂർത്തീകരിച്ച മുറയ്ക്ക് രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചു. (എക്സിബിറ്റ് പി-1) പ്രഥമാധ്യാപക തസ്തികയിലെ റഗുലർ ശമ്പളസ്കെയിലിലുള്ള ശമ്പളനിർണയവും അനുവദിച്ചു (എക്സിബിറ്റ് പി-2).

എയ്ഡഡ് സ്കൂൾ ലോവർ പ്രൈമറി/അപ്പർ പ്രൈമറി പ്രഥമാദ്ധ്യാപകർക്ക് കേരള വിദ്യാഭ്യാസചട്ടങ്ങളിലെ 26-ാം അദ്ധ്യായത്തിലെ ഒന്നാമത് ചട്ടം അനുശാസിക്കുന്നതു പ്രകാരം 15 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കി ഹെഡ്മാസ്റ്റർ സ്കെയിൽ ലഭിച്ചതിനു ശേഷം 10/8 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഹെഡ്മാസ്റ്റർ തസ്തികയിൽ ആദ്യ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുകയുള്ളൂ. എന്നാൽ 25/11/1998-ലെ ജി.ഒ.(പി)നം.3000/98/ധനവകുപ്പ് ഖണ്ഡിക (5) (6) പ്രകാരമുള്ള നിബന്ധനകളിലെ അനിശ്ചിതത്വം കാരണം കോടതിയെ സമീപിച്ചവർക്ക് കെ.ഇ.ആർ. അദ്ധ്യായം 26 ചട്ടം (1)ലെ വ്യവസ്ഥ അനുസരിച്ചുള്ള മതിയായ വർഷം പൂർത്തിയാകാതെ തന്നെ ഹെഡ്മാസ്റ്റർ തസ്തികയിലെത്തിയവർക്ക് പ്രൊമോഷൻ ലഭിച്ച തീയതി മുതൽ 10/8 വർഷം കണക്കാക്കി ഹെഡ്മാസ്റ്റർ സ്കെയിലിലെ ഒന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ കോടതിവിധിയിലൂടെ നേടിയെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി)നം.40132/2017-മേലുള്ള 13.12.2017 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമാധ്യാപിക തസ്തികയിൽ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ 8 വർഷം സേവനകാലം പൂർത്തിയായ മുറയ്ക്ക് 10.09.2009 പ്രാബല്യത്തിൽ ഹെഡ്മാസ്റ്റർ തസ്തികയിലെ ഒന്നാമത്തെ ഹയർ ഗ്രേഡ് അനുവദിച്ചു. (എക്സിബിറ്റ് പി-4)

മേൽ പ്രതിപാദിച്ച പ്രകാരം കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ച് കെ.ഇ.ആർ. അദ്ധ്യായം 26 ചട്ടം (1) അനുശാസിക്കുന്ന സേവനകാലം പൂർത്തിയാകാത്ത പ്രൈമറി പ്രഥമാദ്ധ്യാപകർക്ക് അവർ തുടർന്നുവരുന്ന ശമ്പളസ്കെയിലിന് തൊട്ടടുത്ത ഉയർന്ന ശമ്പളസ്കെയിലിൽ നിശ്ചിത സേവനകാലം പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ ഹെഡ്മാസ്റ്റർ തസ്തികയിലെ 'റസിഡൻസി' അടിസ്ഥാനമാക്കി സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതിന് 08.03.2019-ലെ 108/ജെ1/2018/ പൊ.വി.വ. സർക്കുലർ പുറപ്പെടുവിച്ചു. തുടർന്ന് സ.ഉ.(പി)നം.90/2019/ധന തീയതി 18.07.2019 പ്രകാരം എയ്ഡഡ് സ്കൂൾ ലോവർ പ്രൈമറി/അപ്പർ പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ 26-ാം അധ്യായത്തിൽ ഒന്നാം ചട്ടം അനുശാസിക്കുന്ന പ്രകാരം 15 വർഷത്തെ തുടർച്ചയായ

സേവനകാലം പൂർത്തിയാക്കി ഹെഡ്മാസ്റ്റർ സ്കെയിൽ ലഭിച്ചതിന് ശേഷം 10/8 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഹെഡ്മാസ്റ്റർ തസ്തികയിൽ ആദ്യ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുകയുള്ളൂ എന്നുള്ളത് മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണ ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ട് ധനകാര്യവകുപ്പ് ഉത്തരവായി.

ഹർജിക്കാരിക്ക് 09.05.2020 തീയതിയിൽ പ്രൈമറി അദ്ധ്യാപക തസ്തികയിലെ മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് (സെലക്ഷൻ ഗ്രേഡ്) അർഹമാവുകയും ടി ഗ്രേഡ് പ്രൊമോഷൻ നോഷണലായി അനുവദിച്ചു ലഭിക്കുന്നതിനായി നേരത്തെ അനുവദിച്ച രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ (സീനിയർ ഗ്രേഡ്) പ്രഥമാദ്ധ്യാപക ശമ്പളനിർണയം (എക്സിബിറ്റ് പി-2) എന്നിവ നിലനിർത്തിയും എക്സിബിറ്റ് പി-4 ശമ്പളനിർണ്ണയ ഉത്തരവ് റദ്ദ ചെയ്തുകൊണ്ടും 09.05.2020-ൽ അർഹമാകുന്ന 22 വർഷ സേവനകാലത്തിനുള്ള മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ നോഷണലായി അനുവദിച്ച് ഹെഡ്മാസ്റ്റർ സ്കെയിലിലെ ശമ്പളം നിർണ്ണയിച്ചു നൽകുന്നതിനായുള്ള പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അംഗീകാരത്തിനായി സമർപ്പിച്ചു. ടി പ്രൊപ്പോസൽ 18.10.2021-ലെ സി/1267 നമ്പർ കത്ത് (എക്സിബിറ്റ് പി-5) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഹർജിക്കാരിയുടെ ശമ്പളനിർണ്ണയ പ്രൊപ്പോസൽ നിരസിക്കുന്നതിനുള്ള കാരണമായി എക്സിബിറ്റ് പി-5-ൽ സൂചിപ്പിച്ചിരിക്കുന്നത് "ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡബ്ല്യുപി(സി)40132/2017-ന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 10.07.2009 മുതൽ എച്ച്.എം. ഹയർ ഗ്രേഡ് അനുവദിച്ചു നൽകിയിട്ടുണ്ട്. അതിനാൽ എൽ.പി.എസ്.റ്റി കേഡറിൽ ലഭ്യമാകുന്ന 22 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് എച്ച്.എം. ഹയർ ഗ്രേഡ് റിവൈസ് ചെയ്ത് നോഷണലായി ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഇതു സംബന്ധിച്ച് മറ്റൊരു നിർദ്ദേശം സർക്കാർ പുറപ്പെടുവിക്കുന്നതു വരെ പരിഗണിക്കാനാവില്ല" എന്നാണ്.

എക്സിബിറ്റ് പി-5 ഉത്തരവിന്മേൽ ഹർജിക്കാരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീൽ ഹർജിയും മേൽ വിവരിച്ച കാരണത്താൽ എക്സിബിറ്റ് പി-6 ഉത്തരവു പ്രകാരം നിരസിച്ചു. എക്സിബിറ്റ് പി-6 ഉത്തരവിന്മേലാണ് ബഹു. പൊതുവിദ്യാഭ്യാസ സെക്രട്ടറി മുമ്പാകെ എക്സിബിറ്റ് പി-7 റിവിഷൻ ഹർജിയും ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജിയും ഫയൽ ചെയ്തിട്ടുള്ളത്.

എക്സിബിറ്റ് പി-4 ഉത്തരവ് റിവൈസ് ചെയ്ത് ഹർജിക്കാരിക്ക് 09.05.2020 തീയതിയിൽ അർഹമായ മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ (സെലക്ഷൻ ഗ്രേഡ്) നോഷണലായി അനുവദിച്ച് എച്ച്.എം. സ്കെയിലിലെ ശമ്പളനിർണ്ണയവും എച്ച്.എം. ഹയർ ഗ്രേഡ് പ്രൊമോഷനും അനുവദിച്ചു നൽകണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

താഴെ വിവരിക്കുന്ന കാരണങ്ങളാൽ റിവിഷൻ ഹർജിയിലെ മേൽ ആവശ്യം അനുവദിക്കേണ്ടതാണ്.

i. സ.ഉ.(പി)നം.3000/2008/ധന തീയതി 25.11.1998, സ.ഉ.(പി)നം.145/2006/ധന തീയതി 25.03.2006 ശമ്പളപരിഷ്കരണ ഉത്തരവിൽ

സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതു സംബന്ധിച്ചുണ്ടായ ചില അവ്യക്തതമൂലം കെ.ഇ.ആർ. അദ്ധ്യായം 26 ചട്ടം (1)-ലെ വ്യവസ്ഥപ്രകാരം 15 വർഷ സേവനകാലം പൂർത്തിയാക്കി ഹെഡ്മാസ്റ്റർ സ്കെയിൽ ലഭിച്ചശേഷം 10/8 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഹർജിക്കാരിക്ക് ലഭിക്കേണ്ടിയിരുന്ന ഒന്നാമത്തെ ഹെഡ്മാസ്റ്റർ ഹയർ ഗ്രേഡ് 10.07.2009 മുതൽ കോടതിവിധിയിലൂടെ ലഭിക്കാനിടയായിട്ടുള്ളത്. ഇക്കാരണത്താലാണ് എൽ.പി.എസ്.റ്റി. ശമ്പളസ്കെയിലിൽ അർഹമാകുന്ന 22 വർഷത്തെ സെലക്ഷൻ ഗ്രേഡ് ആനുകൂല്യം ലഭിക്കാതിരിക്കുന്നത്. ഇതുമൂലം ഹർജിക്കാരിയോടൊപ്പം സർവ്വീസിൽ പ്രവേശിച്ചവർക്കും ജൂനിയറായിട്ടുള്ളവർക്കും 15 വർഷം പൂർത്തിയായ ശേഷം ഹെഡ്മാസ്റ്റർ സ്കെയിലും 10/8 വർഷത്തെ ഹെഡ്മാസ്റ്റർ ഹയർ/സീനിയർ ഗ്രേഡ് ലഭിച്ചവർക്കും പ്രമോഷൻ ലഭിച്ചതിനാൽ പ്രൈമറി അദ്ധ്യാപക തസ്തികയിൽ ലഭിക്കാതിരുന്ന അർഹമായ സീനിയർ/സെലക്ഷൻ ഗ്രേഡുകൾ നോഷണലായി അനുവദിച്ച ലഭിച്ചിട്ടുള്ളതിനാൽ ഹർജിക്കാരിയേക്കാൾ അടിസ്ഥാനശമ്പളത്തിൽ ശമ്പളം കൂടുതലായി ലഭിക്കുന്നു. ഇപ്രകാരം ഗ്രേഡ് പ്രൊമോഷനുകൾ നോഷണലായി അനുവദിച്ച ശമ്പളനിർണ്ണയം അനുവദിക്കാതിരിക്കുന്നതുമൂലം ഹർജിക്കാരിക്ക് ഗണ്യമായ സാമ്പത്തികനഷ്ടം ശമ്പളത്തിൽ ഉണ്ടായിട്ടുണ്ട്. അതിനാൽ ടി അപാകത (Anomaly) പരിഹരിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

ii. കോടതിവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 10.07.2009-ൽ ഹെഡ്മാസ്റ്റർ ഹയർ ഗ്രേഡ് വാങ്ങിയതിനു ശേഷം എൽ.പി.എസ്.റ്റി. ശമ്പളസ്കെയിലിൽ ഗ്രേഡ് പ്രൊമോഷൻ വാങ്ങുന്നതിന് അർഹതയില്ലാത്തതിനാലാണ് ഹർജിക്കാരിയുടെ 22 വർഷത്തിന്റെ സെലക്ഷൻ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാനാവാത്തത് എന്നാണ് എക്സിബിറ്റ് പി-5, പി-6 എന്നിവയിൽ പറഞ്ഞിരിക്കുന്നത്. അതോടൊപ്പംതന്നെ ഇതു സംബന്ധിച്ച് മറ്റൊരു നിർദ്ദേശം സർക്കാർ പുറപ്പെടുവിക്കുന്നതുവരെ പരിഗണിക്കാനാവില്ല എന്നും എക്സിബിറ്റ് പി-5 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കോടതി ഉത്തരവിന്മേൽ നൽകിയിട്ടുള്ള എച്ച്.എം. ഹയർ ഗ്രേഡ്, ശമ്പളനിർണ്ണയം അതിനനുസൃതമായി ലഭിച്ചുപോരുന്ന ആനുകൂല്യങ്ങളും നിലനിർത്തുന്നതിനല്ലാതെ തീർപ്പാക്കിയ കേസുകളിൽ ഇതു സംബന്ധിച്ച് മറ്റൊരു നിർദ്ദേശം/ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പുന:പരിശോധിക്കേണ്ടതില്ല എന്ന് 06.07.2021-ലെ 568/റ്റി1/2020/പൊവിവ കത്തിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് എന്നതാണ് ഹർജിക്കാരിയുടെ 22 വർഷത്തെ എൽ.പി.എസ്.റ്റി. തസ്തികയിലെ ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാതിരിക്കുന്നതിന് തടസ്സമായി എക്സിബിറ്റ് പി-5 ഉത്തരവിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പറഞ്ഞിരിക്കുന്നത്. അതിനാൽ സീനിയർ/സെലക്ഷൻ ഗ്രേഡുകൾ അർഹമാകുന്നതിനു മുൻപായി ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നതുമൂലം അദ്ധ്യാപക തസ്തികയിൽ അർഹമാകുന്ന ഗ്രേഡ് പ്രൊമോഷനുകൾ നോഷണലായി അനുവദിച്ച് അതിനനുസൃതമായി ശമ്പളം നിർണ്ണയിച്ച

ലഭിക്കുമെന്നതിനാൽ ഹർജിക്കാരിക്ക് കോടതി ഉത്തരവ് വഴി എച്ച്.എം. ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടുള്ളത് ഒരു പ്രത്യേക കേസായി പരിഗണിച്ച് കെ.ഇ.ആർ. അദ്ധ്യായം 1 ചട്ടം 3 അനുശാസിക്കുന്ന പ്രത്യേക അധികാരം വിനിയോഗിച്ച് എക്സിബിറ്റ് പി-4 ശമ്പളനിർണ്ണയ ഉത്തരവ് റിവൈസ് ചെയ്ത് 22 വർഷത്തിന് അർഹമാകുന്ന സെലക്ഷൻ ഗ്രേഡ് പ്രൊമോഷൻ 09.05.2020 പ്രാബല്യത്തിൽ നോഷണലായി അനുവദിച്ച് അതിനനുസൃതമായി ശമ്പളം ക്രമീകരിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു. ഇതുമൂലം അധിക തുക കൈപ്പറ്റിയിട്ടുള്ളതായി കണ്ടെത്തുന്ന തുക തിരിച്ചടയ്ക്കുന്നതിനുള്ള സമ്മതവും അറിയിക്കുന്നു.

മേൽ വിവരിച്ചിട്ടുള്ള കാരണങ്ങളും ഹിയറിംഗ് വേളയിൽ ഉയർന്നു വരാനിടയുള്ള മറ്റ് കാരണങ്ങളും പരിഗണിച്ച് ബഹു. പൊതുവിദ്യാഭ്യാസ സെക്രട്ടറി തന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്: എക്സിബിറ്റ് പി-7 റിവിഷൻ ഹർജി ഖണ്ഡിക (7) (8) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച ഹർജിക്കാരിക്ക് ദോഷകരമായി തീർന്നിട്ടുള്ള എക്സിബിറ്റ് പി-4 ശമ്പള നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്ത് അധികമായി തുക കൈപ്പറ്റിയതായി കണ്ടെത്തിയാൽ ടി തുക തിരിച്ചടച്ചുകൊണ്ട് എക്സിബിറ്റ് പി-1, പി-2 ശമ്പളനിർണ്ണയ ഉത്തരവുകൾ നിലനിർത്തി എൽ.പി.എസ്.റ്റി. തസ്തികയിൽ 09.05.2020 പ്രാബല്യത്തിൽ അർഹമാകുന്ന മൂന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ നോഷണലായി അനുവദിച്ച് അതിനനുസൃതമായി പ്രഥമാദ്ധ്യാപക തസ്തികയിലെ ശമ്പളവും എച്ച്.എം. ഹയർ ഗ്രേഡ് പ്രൊമോഷനും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആദരപൂർവ്വം അപേക്ഷ.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.**

വെട്ടിപ്പുറം ഡി.ഐ.എൽ.പി. സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി വസീല കവിരാജൻ 22 വർഷത്തെ സേവനകാലം പൂർത്തീകരിച്ച് അർഹതപ്പെട്ട നോഷണൽ ഗ്രേഡ് ലഭിക്കുന്നതിന് വേണ്ടി പത്തനംതിട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 16/06/2021-ന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാരിയുടെ സേവനപുസ്തകം പരിശോധിച്ചതിൽ ശ്രീമതി വസീല കവിരാജൻ 17/06/1996 മുതൽ എൽ.പി.എസ്.റ്റി. തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും 18/08/1999-ൽ പ്രധാനാധ്യാപിക തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി വസീല കവിരാജൻ ഫയൽ ചെയ്ത ഡബ്ല്യൂപി(സി)നം.40132/2017-മ്മേലുള്ള ബഹു:ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 10/07/2009 മുതൽ ടിയാരിക്ക് എച്ച്.എം. ഗ്രേഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാരിന്റെ 18/07/2019-ലെ സ.ഉ.(അച്ചടി)നം.90/2019/ധന പ്രകാരം കെ.ഇ.ആർ. അധ്യായം 26 ചട്ടം (1)-ൽ മുൻകാല പ്രാബല്യത്തോടെ ഭേദഗതി വരുത്തിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, ടിയാരിക്ക് കോടതി ഉത്തരവിന്മേൽ നൽകിയിട്ടുള്ള എച്ച്.എം. ഹയർ ഗ്രേഡ് ശമ്പളനിർണയവും അതിനനുസൃതമായി ലഭിച്ചുപോരുന്ന ആനുകൂല്യങ്ങളും നിലനിർത്തുന്നതിന് അല്ലാതെ തീർപ്പാക്കിയ കേസുകളിൽ ഇതു സംബന്ധിച്ച് മറ്റൊരു നിർദ്ദേശം/ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പുന:പരിശോധിക്കേണ്ടതില്ലായെന്ന് സർക്കാരിന്റെ 06/07/2021-ലെ 568/റ്റി1/2000/പൊവിവ നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ

10/07/2009 മുതൽ ശ്രീമതി വസീല കവിരാജന് എച്ച്.എം. ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതിനാൽ, എൽ.പി.എസ്.റ്റി. തസ്തികയിൽ 22 വർഷത്തെ ഗ്രേഡിനുള്ള അപേക്ഷ പത്തനംതിട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 18/10/2021-ലെ സി/1267/2021 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി വസീല കവിരാജൻ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ ഹർജി സമർപ്പിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച അതേ കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 28/05/2022-ലെ ബി1/8063/2021 പ്രകാരം അപ്പീൽ നിരസിച്ചു. ഈ ഉത്തരവിനെതിരെയാണ് ശ്രീമതി വസീല കവിരാജൻ ഡബ്ല്യുപി(സി)18043/2023 കേസ് ഫയൽ ചെയ്തത്.

സ.ഉ.(പി)നം.20/2022/ധന തീയതി 17/02/2022 പ്രകാരം, 01/02/2016-ന് ശേഷം 15/22 വർഷ യോഗ്യത സേവനം പൂർത്തിയാക്കുന്ന അധ്യാപകർക്ക് ആ തീയതി പ്രാബല്യത്തിൽ നോഷണൽ ഗ്രേഡ് അനുവദിക്കുന്നതിനും അന്നുതന്നെ പ്രധാനാധ്യാപിക തസ്തികയിലെ ശമ്പളം കെ.എസ്.ആർ. ഭാഗം I ചട്ടം 28 എ നിർണയ ആനുകൂല്യത്തോടെ അനുവദിക്കുന്നതിനും, തുടർന്ന് യഥാക്രമം ടിയാളുടെ ഗ്രേഡ് സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയിൽ പ്രധാനാധ്യാപിക തസ്തികയിലെ അടുത്ത ഇൻക്രിമെന്റ് അനുവദിക്കാവുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിക്ക് എൽ.പി.എസ്.റ്റി. തസ്തികയിൽ ലഭിക്കേണ്ടുന്ന 22 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് 09/05/2020 പ്രാബല്യത്തിൽ നോഷണലായി അനുവദിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു:

1. ഹർജിക്കാരി 17/06/1996 മുതൽ എൽ.പി.എസ്.റ്റി. ആയി സേവനം ആരംഭിച്ചു.
2. ടിയാരിക്ക് 18/08/1999 മുതൽ പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ചു.
3. ടിയാരിയുടെ ശൂന്യവേതനാവധികൾ ഒഴിവാക്കിക്കൊണ്ട് 15 വർഷത്തെ എൽ.പി.എസ്.റ്റി. തസ്തികയിലെ ഗ്രേഡ് 01/07/2013-ൽ അനുവദിച്ചിട്ടുണ്ട്. (എക്സിബിറ്റ് പി-1)
4. ഡബ്ല്യുപി(സി)നം.40132/2017-ന്മേലുള്ള 13/12/2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എം. തസ്തികയിൽ 8 വർഷത്തെ ഗ്രേഡ് 10/07/2009 തീയതി പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. (എക്സിബിറ്റ് പി-4)
5. ഹർജിക്കാരിയുടെ എൽ.പി.എസ്.റ്റി. തസ്തികയിലെ 22 വർഷത്തെ ഹയർ ഗ്രേഡ് 09/05/2020 മുതൽ നോഷണലായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 06/07/2021-ലെ സർക്കാർ കത്ത് നം.568/റ്റി1/2020/പൊവിവ-ലെ നിർദ്ദേശ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു.

6. ജി.ഒ.(പി)നം.20/2022/ഫിൻ തീയതി 17/02/2022 പ്രകാരം, 01/02/2016-ന് ശേഷം 15/22 വർഷ സേവനം പൂർത്തിയാക്കുന്ന അധ്യാപകർക്ക് ടി തീയതി പ്രാബല്യത്തിൽ നോഷണൽ ഗ്രേഡ് അനുവദിക്കുന്നതിനും, അന്നുതന്നെ എച്ച്.എം. തസ്തികയിലെ ശമ്പളം KSR Part I Rule 28 A പ്രകാരം നിർണയിച്ച് അനുവദിക്കുന്നതിനും, തുടർന്ന് ഗ്രേഡ് സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയിൽ എച്ച്.എം. തസ്തികയിലെ അടുത്ത ഇൻക്രിമെന്റ് അനുവദിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
7. പ്രഥമാധ്യാപിക തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ചതുമൂലം അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചടയ്ക്കുവാൻ തയ്യാറാണെന്നും, ടി ഹയർ ഗ്രേഡ് ഉത്തരവ് റദ്ദ് ചെയ്ത് എൽ.പി.എസ്.റ്റി. തസ്തികയിൽ 22 വർഷത്തെ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഹർജിക്കാരി വാദിച്ചു.

**5.** ശ്രീമതി വസീല കവിരാജൻ 18.08.1999-ൽ എച്ച്.എം. ആകുകയും എച്ച്.എം. തസ്തികയിലെ ശമ്പളസ്കെയിൽ അനുവദിക്കുന്നതിനാവശ്യമായ നിർദ്ദിഷ്ട 15 വർഷ സർവ്വീസ് പൂർത്തിയാക്കുന്നതിന് മുൻപ് ഡബ്ല്യു.പി(സി)നം.40132/2017-മേലുള്ള 13/12/2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് എച്ച്.എം. തസ്തികയിൽ 8 വർഷത്തെ ഗ്രേഡ് 10/07/2009 തീയതി പ്രാബല്യത്തിൽ അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കോടതിവിധി പ്രകാരം ശ്രീമതി വസീല കവിരാജന് 10/07/2009 തീയതി പ്രാബല്യത്തിൽ അനുവദിച്ച എച്ച്.എം. ഹയർ ഗ്രേഡ് റദ്ദ് ചെയ്താൽ മാത്രമേ ടിയാരിക്ക് 22 വർഷ നോഷണൽ സെലക്ഷൻ ഗ്രേഡ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം 10/07/2009 തീയതി പ്രാബല്യത്തിൽ അനുവദിച്ച എച്ച്.എം. ഹയർ ഗ്രേഡ് റദ്ദ് ചെയ്ത്, എൽ.പി.എസ്.റ്റി. തസ്തികയിൽ 22 വർഷത്തെ ഗ്രേഡ് അനുവദിക്കുവാനും പ്രഥമാധ്യാപിക തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ചതുമൂലം അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കുവാനും, 10/02/2021 തീയതിയിലെ സ.ഉ.(പി)നം.27/2021/ധന പ്രകാരം LPSA + എച്ച്.എം. തസ്തികകളിൽ ആകെ 28 വർഷ സേവനം പൂർത്തിയാക്കുന്ന തീയതി പ്രാബല്യത്തിൽ ടിയാരിക്ക് എച്ച്.എം. ഹയർ ഗ്രേഡ് അനുവദിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം പത്തനംതിട്ട വെട്ടിപ്പുറം ദാറുൾ ഇസ്ലാം എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ് ആയ ശ്രീമതി വസീല കവിരാജൻ ഫയൽ ചെയ്ത WP(C)No.18043/2023-ന്റെ 05.06.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി വസീല കവിരാജൻ, ഹെഡ്മിസ്ട്രസ്സ്, ദാറുൾ ഇസ്ലാം ലോവർ പ്രൈമറി സ്കൂൾ, വെട്ടിപ്പുറം പി.ഒ., തോന്നിമല, പത്തനംതിട്ട-689 668.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.

വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (E-2600895/EDN-A1/230/2023-FIN)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 16-04-2024 16:38:10
സെക്ഷൻ ഓഫീസർ